## പതിനാലാം കേരള നിയമസഭ
## ഇരുപത്തിരണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.674

13.01.2021-ൽ മറുപടിക്ക്

**ബേക്കൽ റിസോർട്ട് ഡെവലപ്മെന്റ് കോർപ്പറേഷന്റെ പ്രവർത്തനം**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. കെ. കുഞ്ഞിരാമൻ :** | | **ശ്രീ. കടകംപള്ളി സുരേന്ദ്രൻ**<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) | ബേക്കൽ റിസോർട്ട് ഡെവലപ്മെന്റ് കോർപ്പറേഷനിൽ പുതിയ എം.ഡി. ചുമതല ഏറ്റെടുത്തതിനുശേഷം എന്തൊക്കെ പ്രവർത്തനങ്ങളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ; | (എ) | പുതിയ മാനേജിംഗ് ഡയറക്ടർ ചുമതല ഏറ്റെടുത്തതിന് ശേഷം ബേക്കൽ റിസോർട്ട് ഡെവലപ്മെന്റ് കോർപ്പറേഷനിൽ നടപ്പിലാക്കിയ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ബി.ആർ.ഡി.സി.യുടെ വികസനത്തിനായി പുതിയ പദ്ധതികൾ എന്തെങ്കിലും ആസൂത്രണം ചെയ്തിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ? | (ബി) | ബി.ആർ.ഡി.സി.യുടെ വികസനത്തിനായി താഴെ പറയുന്ന പുതിയ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്.<br>1) ബേക്കൽ ഫോർട്ടിന് സമീപം കഫേ ഡി ബേക്കൽ പദ്ധതി<br>2) പാർക്കിംഗ് ബേ നവീകരണം<br>3) ബേക്കൽ ബീച്ച് പാർക്കിലെ പുതിയതായി നിർമ്മിച്ച ആർട്ട് വാളിന്മേൽ മ്യൂറൽ & ഗ്രാഫിറ്റി പെയിന്റിംഗ്<br>4) പൊസഡിഗുംപെ ഹിൽ ടൂറിസം പ്രോജക്ട്<br>5) ബേക്കൽ ബീച്ച് പാർക്ക് നവീകരണം പദ്ധതി<br>6) പള്ളിക്കരയിൽ ഒരു വേൾഡ് ക്ലാസ് മാൾ<br>7) ബേക്കൽ റിട്രീറ്റ് സെന്റർ<br>8) ഫോർട്ട് സർക്യൂട്ട്<br>9) കോട്ടപ്പുറം ഹൗസ് ബോട്ട് ടെർമിനൽ<br>10) അണങ്കൂരിൽ നൈറ്റ് ഫുഡ് സ്ട്രീറ്റ് പ്രോജക്ട്<br>11) ടൗൺഷിപ്പ് ഡവലപ്മെന്റ് പ്രോജക്ട്<br>12) ചന്ദ്രഗിരി റിവർ ടൂറിസം പ്രോജക്ട്<br>13) ബേക്കൽ റിവറിൽ റബർ ചെക്ക് ഡാം നിർമ്മിക്കുവാനുള്ള പദ്ധതി |

| | | | |
|---|---|---|---|
| | | | 14) തലപ്പാടിയിൽ ക്രൂ ഫെസിലിറ്റേഷൻ സെന്ററിനുള്ള പദ്ധതി.<br>15) റാണിപുരത്ത് കേബിൾ കാർ പ്രോജക്ട്<br>16) ബേക്കൽ ബീച്ച് പാർക്കിൽ മിയാവാകി ഫോറസ്റ്റ് പദ്ധതിയ്ക്കുള്ള നടപടികൾ<br>17) സൗത്ത് ബേക്കൽ ബീച്ച് പാർക്കിൽ മരം വെച്ചു പിടിപ്പിക്കൽ |

സെക്ഷൻ ഓഫീസർ

# അനുബന്ധം

ബേക്കൽ റിസോർട്ട് ഡെവലപ്മെന്റ് കോർപ്പറേഷനിൽ പുതിയ മാനേജിംഗ് ഡയറക്ടർ 27.02.2020-ൽ ചുമതല ഏറ്റെടുത്തതിന് ശേഷം ബി ആർ ഡി സി യിൽ താഴെ പറയുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കുകയുണ്ടായി.

1) നടപ്പിലാക്കേണ്ടുന്ന വിവിധ പദ്ധതികൾ വിശകലനം ചെയ്യുന്നതിനായി എല്ലാ ആഴ്ചയിലും സ്റ്റാഫ് കൌൺസിൽ മീറ്റിംഗ് നടത്തപ്പെടുന്നു.
2) കാസർഗോഡ് ജില്ലയിലെ ടൂറിസം സംരംഭകരുമായുള്ള വിശകലനം.
3) ബി.ആർ.ഡി.സി.യുടെ വിവിധ റിസോർട്ട് സൈറ്റുകളുടെ പാട്ടത്തുക മുടക്കിയ പാട്ടക്കരാറുകാർക്കെതിരെ റവന്യൂ റിക്കവറി നടപടികൾ തുടങ്ങി.
4) ബേക്കൽ ബീച്ച് പാർക്കിലെ ഹൈ മാസ്റ്റ് & മിനി മാസ്റ്റ് ലൈറ്റുകളുടെ അറ്റകുറ്റപ്പണികൾ ചെയ്യുകയുണ്ടായി
5) ബേക്കൽ ബീച്ച് പാർക്കിൽ മുടങ്ങികിടന്ന സ്കൾപ്ച്ചർ വർക്ക് പുനരാരംഭിച്ചു. ഒന്ന് പൂർത്തീകരിക്കുകയും അടുത്തത് പൂർത്തീകരിച്ച് വരികയുമാണ്.
6) കോട്ടപ്പുറം അമിനിറ്റി സെന്റർ പാട്ടത്തിന് നൽകി.
7) ഓഫീസിന്റെ സുഗമമായ പ്രവർത്തനത്തിനായി ഓപ്പറേഷൻ മാനുവൽ പ്രാബല്യത്തിൽ വരുത്തി.
8) ബേക്കലിൽ എയർ സ്ട്രിപ്പ് പ്രോജക്ടിന്റെ സൈറ്റ് ക്ലിയറൻസിനായി കേന്ദ്ര വ്യോമയാന മന്ത്രാലയത്തിന്റെ സ്റ്റിയറിംഗ് കമ്മിറ്റിയ്ക്ക് അപേക്ഷ സമർപ്പിച്ചു. ടി പദ്ധതി പി.പി.പി. മോഡലിലാണ് നടപ്പിലാക്കുവാൻ ഉദ്ദേശിച്ചിരിക്കുന്നത്.
9) ബേക്കലിൽ എയർ സ്ട്രിപ്പ് പ്രോജക്ടിന്റെ നടത്തിപ്പിനായി നോഡൽ ഏജൻസിയായി ബി.ആർ.ഡി.സി.-യെ നിയമിച്ചു.
10) ബി.ആർ.ഡി.സി.-യുടെ അസറ്റ് രജിസ്റ്റർ കമ്പ്യൂട്ടറൈസ് ചെയ്തു.
11) ഡി.ഡി.എഫ്.എസ്. മുഖേന ഓഫീസ് പേപ്പർ വിമുക്തമാക്കുവാനായുള്ള നടപടികൾ സ്വീകരിക്കുകയുണ്ടായി.
12) തണൽ വിശ്രമ കേന്ദ്രം ടെണ്ടർ ചെയ്ത് പ്രവർത്തനക്ഷമമാക്കി.
13) പാർക്കിംഗ് ഏരിയയ്ക്ക് സമീപമുള്ള 5 സെന്റ് സ്ഥലം വികസിപ്പിക്കുകയുണ്ടായി.
14) ബേക്കൽ ഫോർട്ടിന് സമീപം കഫേ ഡി ബേക്കൽ പദ്ധതിയ്ക്കുള്ള എക്സ്പ്രെൻഷൻ ഓഫ് ഇന്ററസ്റ്റ് ക്ഷണിക്കുകയുണ്ടായി.
15) പാർക്കിംഗ് ബേ നവീകരണത്തിനായി പ്രോജക്ട് സമർപ്പിച്ചു.
16) ബി.ആർ.ഡി.സി.-യുടെ ഓഫീസ് ബേക്കൽ ഫോർട്ടിന് സമീപം പള്ളിക്കരയിലെ പുതിയ വാടക കെട്ടിടത്തിലേയ്ക്ക് മാറ്റുവാനുള്ള നടപടി.
17) പി.എച്ച്.സി.-യിലേയ്ക്ക് നല്ല അക്സസിനായി സ്ഥലമേറ്റെടുപ്പിനുള്ള പ്രൊപ്പോസൽ പരിഗണനയിലാണ്.
18) ഫോർട്ട് സോൺ ഡെവലപ്മെന്റിനായുള്ള പ്രൊപ്പോസൽ തുടങ്ങുകയുണ്ടായി.
19) താഴെ പറയുന്ന പദ്ധതികൾ പരിഗണനയിലാണ്.
    - കഫേ ഡി ബേക്കൽ
    - ബേക്കലിൽ ഒരു മാൾ
    - ബേക്കൽ റിട്രീറ്റ് അക്കൊമൊഡേഷൻ ഫെസിലിറ്റി
    - പൊസഡിഗുംപെ ഹിൽ ടൂറിസം പദ്ധതി
    - അണങ്കൂരിൽ നൈറ്റ് ഫുഡ് സ്ട്രീറ്റ് പ്രോജക്ട്
    - കറന്തക്കാട് പ്രദേശത്ത് പ്രൊപ്പോസ്ഡ് ഫ്ലൈ ഓവറിൽ നൈറ്റ് ലൈഫ് പ്രൊജക്ട്
    - ഫോർട്ട് സർക്യൂട്ട്
    - പിൽഗ്രിം സർക്യൂട്ട്
20) ജലദർശൻ & മൈക്രോസൈറ്റ് എന്നീ പ്രോജക്ടുകളുടെ വേഗത്തിലുള്ള നടത്തിപ്പിനായുള്ള നടപടികൾ
21) കാസർഗോഡ് കണക്ട് ആപ്പ് ഉപയോഗിച്ച് കാസർഗോഡ് ജില്ലയിലെ ഓഫീസുകളിലെ ജീവനക്കാരുടെ അറ്റൻഡൻസ് നിരീക്ഷണം

22) ബി.ആർ.ഡി.സി.-യുടെ വെബ്സൈറ്റ് നൂതന സാങ്കേതികവിദ്യ ഉപയോഗിച്ച് നവീകരിക്കുവാൻ നടപടി സ്വീകരിച്ചു.

23) ലാന്റ് റിക്കോർഡ്സ് ഡിജിറ്റലൈസേഷൻ നടപടികൾ സ്വീകരിച്ചു

24) ബേക്കൽ ബീച്ച് പാർക്കിൽ അത്യാവശ്യ അറ്റകുറ്റപ്പണികൾ

25) റിംഗ് റോഡ് നവീകരണം

26) ഇടയിലക്കാട് അമിനിറ്റി സെന്ററിന്റെ നവീകരണ പ്രവർത്തനങ്ങൾ

27) ബേക്കൽ ബീച്ച് പാർക്കിലേയ്ക്കുള്ള റോഡിന്റെ നവീകരണം

28) ബി.ആർ.ഡി.സി. പി.എച്ച്.സി.-യ്ക്കായി നൽകിയ 1.03 ഏക്കർ സ്ഥലത്തിന് പകരമായി ആരോഗ്യവകുപ്പിൽ നിന്നും 1.03 ഏക്കർ ബി.ആർ.ഡി.സി.-യ്ക്ക് ട്രാൻസ്ഫർ ചെയ്തു കിട്ടുന്നതിലേയ്ക്കുള്ള നടപടികൾ

29) ബേക്കൽ ബീച്ച് പാർക്കിലെ പുതിയതായി നിർമ്മിച്ച ആർട്ട് വാളിന്മേൽ മ്യൂറൽ & ഗ്രാഫിറ്റി പെയ്ന്റിംഗിനായി പദ്ധതി സമർപ്പിച്ചു.

30) ടാറ്റാ ഹോസ്പിറ്റലിന് സമീപത്തായി റിവർ വ്യൂ പാർക്കും ഇരിപ്പിടങ്ങളും നിർമ്മിച്ചു

31) തലപ്പാടിയിൽ ക്രൂ ഫെസിലിറ്റേഷൻ സെന്ററിനുള്ള പദ്ധതി

32) റാണിപുരത്ത് കേബിൾ കാർ പ്രോജക്ട്

33) സൌത്ത് ബേക്കൽ ബീച്ച് പാർക്കിലെ മരം വച്ചു പിടിപ്പിക്കൽ

34) ബേക്കൽ ബീച്ച് പാർക്കിൽ മിയാവാകി ഫോറസ്റ്റ് പദ്ധതിയ്ക്കുള്ള നടപടികൾ

35) ബി.ആർ.ഡി.സി.-യുടെ രണ്ട് പഴയ വാഹനങ്ങൾ വിൽക്കുകയുണ്ടായി.

36) ബി.ആർ.ഡി.സി.-യുടെ അധീനതയിലുള്ള യൂണിറ്റുകൾ പാട്ടക്കരാർ വ്യവസ്ഥയിൽ നടത്തുവാനായി ടെണ്ടർ നടപടികൾ സ്വീകരിച്ചു.

സെക്ഷൻ ഓഫീസർ